## ഗാന്ധിമന്ദിരത്തിന്റെ പേരിലും ഒരു കുടിയൊഴുപ്പിക്കൽ!

'നിങ്ങൾ ചെയ്യുന്ന ഓരോ പ്രവർത്തിയും സമൂഹത്തിലെ ഏറ്റവും താഴെതട്ടിൽ കഴിയുന്ന വ്യക്തിയെ എങ്ങിനെ ബാധിക്കുമെന്ന് ഓർക്കണം'. ഭരണകർത്താക്കൾക്ക് ഈ ഉപദേശം നൽകിയത് മറ്റാരുമല്ല, നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിജിതന്നെ. അദ്ദേഹം നയിച്ച കോൺഗ്രസ് പാർട്ടി സ്വാതന്ത്ര്യാനന്തരം എത്ര അധ:പതിച്ചു എന്നുള്ളതിന് ഇതാ കോൺഗ്രസ് പാർട്ടി ഭരിക്കുന്ന ആന്ധ്രാപ്രദേശിന്റെ തലസ്ഥാനത്തുനിന്ന് ഒരു തെളിവുകൂടി. ആന്ധ്രാപ്രദേശിൽ കോൺഗ്രസ് പാർട്ടി രൂപീകരിച്ചതിന്റെ 122-ാം വാർഷികത്തിന്റെ തലേന്നാൾ പാർട്ടി ആസ്ഥാനമായ ഗാന്ധിഭവന്റെ സമീപത്തുള്ള ചേരിപ്രദേശമായ ദിംറാവുബാഡായിലെ 90ൽ പരം കുടുംബങ്ങളാണ് വഴിയാധാരമാക്കപ്പെട്ടത്. പുലർച്ചെ 4 മണിക്ക് യാതൊരു മുന്നറിയിപ്പും കൂടാതെ എത്തിയ ഉദ്യോഗസ്ഥരും പോലീസുകാരും ചേർന്ന് യുദ്ധമുറയിലാണ് ജെ.സി.ബിയും ബുൾഡോസറും ഉപയോഗിച്ച് 4 തലമുറകളായി ചേരിപ്രദേശത്ത് കഴിഞ്ഞുവന്നിരുന്ന പാവപ്പെട്ട കുടുംബങ്ങളുടെ മേൽക്കൂരയില്ലാതാക്കിയത്. ഗാന്ധിഭവന്റെ അടുത്തുതന്നെ കോൺഗ്രസ് പണിയാനുദ്ദേശിക്കുന്ന ഇന്ദിരാഗാന്ധി ഭവനു വേണ്ടിയാണ് ഈ കുടിയൊഴുപ്പിക്കൽ. കുടിയൊഴിപ്പിക്കപ്പെട്ട ഏതാനും കുടുംബങ്ങളെ കുറേ ദൂരെയുള്ള ഭോഘിഘാട്ട് എന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള 'ചേരി'യിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും വിധവകളടക്കമുള്ള ഒരുപാട് കുടുംബങ്ങൾ എല്ലാ അർത്ഥത്തിലും വഴിയാധാരമായിട്ടാണുള്ളത്. ഈ അനീതിക്കെതിരെ മറ്റു പാർട്ടികളെല്ലാം രംഗത്തുവന്നിട്ടുണ്ടെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ മുത്തശ്ശി നടത്തിയ ഈ ഭൂമി കയ്യേറ്റത്തെ ചെറുക്കാനായിട്ടില്ല. മേധാപട്കർ നയിക്കുന്ന നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ്സ് ഈ അനീതിക്കെതിരേ മുഖ്യമന്ത്രിക്കും മനുഷ്യാവകാശ കമ്മീഷനും സോണിയാ ഗാന്ധിക്കും പരാതി നൽകിയിട്ടുണ്ട്.

**വാൽക്കഷ്ണം :** ജമ്മു-കാശ്മീരിൽ കൊല്ലപ്പെട്ട ഭീകരരുടെ ആശ്രിതർക്ക് പെൻഷൻ നൽകാൻ കേന്ദ്രസർക്കാർ പദ്ധതി തയ്യാറാക്കിയിരുന്നു. ഇത് നക്സലൈറ്റുകൾക്കും മാവോയിസ്റ്റുകൾക്കും ബാധകമാക്കുമോ എന്ന ചോദ്യം കേട്ടുതുടങ്ങിയിരുന്നു.

**പി.എം. രവീന്ദ്രൻ**
കൽപ്പാത്തി, പാലക്കാട്.

## തിരഞ്ഞെടുപ്പിലെ നിലപാട്

സിവിൽ സമൂഹത്തിന്റേയും നവസാമൂഹ്യപ്രസ്ഥാനങ്ങളുടേയും തിരഞ്ഞെടുപ്പ് വേളയിലെ നിലപാടുകളെക്കുറിച്ച് ചർച്ചയും ഭാവിപരിപാടികളുടെ ആസൂത്രണവും.

2009 മാർച്ച് 22ന് ഞായർ 2 മണിക്ക് തൃശൂർ സി.എം.എസ്. സ്കൂളിനടുത്തുള്ള പ്രിയ ടൂറിസ്റ്റ് ഹോമിൽവെച്ച്. ബന്ധങ്ങൾക്ക് : ഡേവീസ് വളർക്കാവ് 9895148998.

## ശശി തരൂരിന്റെ 'സ്ഥാനാർത്ഥി'

തിരുവനന്തപുരത്തും പാലക്കാടും കോൺഗ്രസുകാരുടെ പോലും എതിർപ്പവഗണിച്ച് ശശി തരൂർ 'സ്ഥാനാർത്ഥി'യാകുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വാർത്തയായി എനിക്ക് തോന്നാൻ കാരണം ഇദ്ദേഹത്തിന്റെ കുടിലതകൾ ഈയിടെ പുറത്തുവന്നപ്പോഴാണ്. നമ്മുടെ കരുണാകരനെക്കാളും ഒരർത്ഥത്തിൽ ക്രൂരനും ദുഷ്ടനുമാണ് തരൂരെന്ന് കോളയെ ന്യായീകരിച്ചും പ്ളാച്ചിമട സമരക്കാരെ അപമാനിച്ചും കേരളീയരെ വിഡ്ഢികളാക്കിയും ഉള്ള തരൂരിന്റെ കള്ള സത്യവാങ്മൂലങ്ങൾ വായിച്ചപ്പോൾ തോന്നിപ്പോയത്.

**ജോൺസി മറ്റത്തിൽ**
പ്രവിത്താനം, പാല

